## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3671** — **15.05.2017-ൽ മറുപടിക്ക്**

**പൊതുമരാമത്ത് വകുപ്പിൽ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്ന വിഭാഗം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | **(ശ്രീ.ജി.സുധാകരൻ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിൽ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ;<br>(ബി) പ്രസ്തുത വിഭാഗത്തിന്റെ ഘടന വ്യക്തമാക്കുമോ;<br>(സി) പ്രസ്തുത വിഭാഗത്തിന്റെ ചുമതലകൾ എന്തെല്ലാമാണ്; | (എ) (ബി) & (സി) കേരള സംസ്ഥാനത്തിൽ റോഡ്, ബ്രിഡ്ജ് മെയിന്റനൻസ് പോളിസി നടപ്പിലാക്കുന്നതിന് 22.10.2016-ലെ സ.ഉ(കൈ)നം.72/2016/പൊ.മ.വ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. റോഡുകളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കാനുള്ള വിഭാഗ രൂപീകരണവുമായി ബന്ധപ്പെട്ട് ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള ശിപാർശ പരിശോധിച്ചുവരുന്നു. റോഡ് അറ്റകുറ്റപ്പണികളുടെ മേൽനോട്ടത്തിനായി ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ചുമതല നൽകിയിട്ടുണ്ട്. പാലങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു വിഭാഗം രൂപീകരിക്കാനുള്ള ശിപാർശ സമർപ്പിക്കാൻ ഭരണ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) എത്ര തുക വരെയുള്ള പ്രവൃത്തികളാണ് പ്രസ്തുത വിഭാഗം വഴി നടത്തുന്നതെന്ന് വിശദമാക്കുമോ? | (ഡി) ഇക്കാര്യം ഇപ്പോൾ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ